പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 4176

16.03.2017 -ലെ മറുപടിയ്ക്ക്

## ഇതരസംസ്ഥാന തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസസൗകര്യം ഒരുക്കൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പാറക്കൽ അബ്ദുല്ല | ശ്രീ. ടി.പി.രാമകൃഷ്ണൻ ( തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ)ഇതര സംസ്ഥാന തൊഴിലാളികൾക്ക് അവർ കൂട്ടുതലുള്ള പ്രദേശങ്ങളിൽ മെച്ചപ്പെട്ട താമസസൗകര്യം ഒരുക്കുന്ന വിഷയം പരിഗണനയിലുണ്ടോ; | (എ) & (ബി) ഉണ്ട്. തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരള നടപ്പിലാക്കി വരുന്ന ഭവന പദ്ധതികളിൽ ഒന്നാണ് 'അപ്ന ഘർ' പദ്ധതി. ഇതര സംസ്ഥാന തൊഴിലാളികൾക്കു വേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണ് ഈ പദ്ധതി വഴി നടപ്പിലാക്കുന്നത്. പാലക്കാട് ജില്ലയിലെ കിൻഫ്ര പാർക്കിലാണ് ഇതിന്റെ ആദ്യ സ്കീമായ ഹോസ്റ്റലിന്റെ പണി നടന്നു വരുന്നത്. പാലക്കാട് ജില്ലയിലും പരിസരത്തും ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഡീസന്റ് ഹോസ്റ്റൽ അക്കോമഡേഷൻ ആണിത്. ഈ സ്കീമിന്റെ നിർമ്മാണം തൃശ്ശൂർ ഹെഡ് ഓഫീസിലുള്ള സർക്കാർ അംഗീകാരമുള്ള കോസ്റ്റ് ഫോർഡ് എന്ന സ്ഥാപനമാണ് നടത്തി വരുന്നത്. ഇതര സംസ്ഥാന തൊഴിലാളികളെ താമസിപ്പിക്കാൻ കഴിയുന്ന അപ്ന ഘർ പദ്ധതി പാലക്കാട് സ്കീമിൽ മൊത്തം 64 റൂമുകളിൽ ആണ് താമസ സൗകര്യം ഒരുക്കുന്നത്. കൂടാതെ കെട്ടിടത്തിൽ 4 നിലയിലുമായി മൊത്തം 32 അടുക്കള, 96 ടോയിലറ്റ് 8 ഊണ് മുറി, എന്നിവയും പ്രത്യേകം യൂറിനൽസും വിശാലമായി കളിക്കാനുള്ള സൗകര്യവും ബാത്ത് ഷവറും, വസ്ത്രം അലക്കുന്നതിനും ഉണക്കുന്നതിനുള്ള സൗകര്യവും ഉണ്ട്. വിശ്രമിക്കാനായി ഇരിക്കാനുള്ള ഇരിപ്പിടവും ഓരോ ഫ്ലോറിലും നൽകിയിട്ടുണ്ട്. കെട്ടിടവും പരിസരവും വൃത്തിയാക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തുന്നതാണ്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് |

(മാസം/ആഴ്ച) നൽകുന്ന ഡിസന്റ് ഹോസ്റ്റൽ അക്കോമഡേഷൻ ആണ് തയ്യാറാക്കുന്നത്. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലും ഇതര സംസ്ഥാന തൊഴിലാളികൾക്ക് അപ്ന ഘർ പദ്ധതി നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) എങ്കിൽ അവർക്കായി എവിടെയെങ്കിലും ഭവന നിർമാണ പദ്ധതി നടന്നുവരുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) അവരുടെ വിവരശേഖരണവും ആരോഗ്യസംരക്ഷണവും മുൻനിർത്തി എന്തെങ്കിലും പുതിയ പദ്ധതികൾക്ക് രൂപം നൽകുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ ഇതു സംബന്ധമായ വിശദാംശങ്ങൾ നൽകുമോ?

സി) ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് ആവാസ് എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

പദ്ധതിയിൽ അംഗമാകുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഓരോരുത്തർക്കും 15,000/- രൂപയുടെ സൗജന്യ ചികിത്സ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികളിൽ നിന്നും ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. തൊഴിലിൽ ഏർപ്പെട്ടിരിക്കെ അപകടമരണം സംഭവിക്കുന്നവരുടെ കുടുംബാംഗങ്ങൾക്ക് 2 ലക്ഷം രൂപ ധനസഹായം നൽകുന്നതിനും ഈ പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഇതര സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളെയാണ് ഈ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്.

Sreedevi

**സെക്ഷൻ ഓഫീസർ**